Draft #76 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 31-Oct-2023 04:28 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം: ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റൻറ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) എന്നിവരുടെ വിരമിക്കലിനെത്തുടർന്നുള്ള സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, അധികചുമതല, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 11023/AD A1/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 31.10.2023

*പരാമർശം:*-1. പരിപത്രം നമ്പർ: 66546/AD A10-4/2022/AD A10, തീയതി :12.09.2022.
2. സർക്കുലർ നമ്പർ Ad.AI-3-246/2016, തീയതി: 31.05.2016.
3. ജി.ഒ (പി) നം.42/ 2010 / പി & എആർഡി, തീയതി 20.12.2010.
4. സർവ്വകലാശാലാ ഉത്തരവ് നമ്പർ: 11799/AD A1/2022/എം.ജി.യു., തീയതി 21.11.2022.

**ഉത്തരവ്**

പരാമർശം (1) പ്രകാരം താഴെ പരാമർശിച്ചിരിക്കുന്ന 3 ജീവനക്കാർ 31.10.2023 അപരാഹ്നം സർവ്വകലാശാലാ സർവ്വീസിൽ നിന്നും വിരമിക്കുകയാണ്.

1. ശ്രീമതി സൂസൻ സി.പി. (PEN-1479), ഡെപ്യൂട്ടി രജിസ്ട്രാർ-6 (പരീക്ഷാ വിഭാഗം )
2. ശ്രീമതി ഹേമ എം. (PEN-1553), സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്), EB -8 സെക്ഷൻ
3. ശ്രീ. ജോസ് തോമസ് (PEN-2188), സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്), EE -3 സെക്ഷൻ

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച്, താഴെ പ്രതിപാദിച്ചിട്ടുള്ള സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, അധികചുമതല, നിയമനം എന്നിവ 01.11.2023 പൂർവ്വാഹ്നം പ്രാബല്യത്തിൽ സർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക | സ്ഥാനക്കയറ്റം, തസ്തിക, ശമ്പള നിരക്ക് | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്നത് |
|---|---|---|---|---|
| 1. | ഡെപ്യൂട്ടി രജിസ്ട്രാർ-5 (പരീക്ഷാവിഭാഗം) ആയ ശ്രീമതി ശ്യാമള റ്റി.വി. (PEN-1824)-യെ, ശ്രീമതി സൂസൻ സി.പി., ഡെപ്യൂട്ടി രജിസ്ട്രാർ വിരമിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ ഡെപ്യൂട്ടി രജിസ്ട്രാർ-6 (പരീക്ഷാവിഭാഗം) ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 2. | ശ്രീമതി സോണി എസ്. നായർ (PEN-1882) അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്)-11 (പരീക്ഷാ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 1,07,800-1,60,000/- ശമ്പളസ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി സൂസൻ സി.പി., ഡെപ്യൂട്ടി രജിസ്ട്രാർ വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | ഡെപ്യൂട്ടി രജിസ്ട്രാർ-5 (പരീക്ഷാവിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |
| 3. | ശ്രീ. പ്രമോദ് കുമാർ കെ.കെ. (PEN-1876) അസിസ്റ്റന്റ് രജിസ്ട്രാർ -9 (പരീക്ഷാ വിഭാഗം) | അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 95,600-1,53,200/- ശമ്പളസ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി സോണി എസ്. നായർ, അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്)-ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | | | | |
|---|---|---|---|---|
| 4. | അസിസ്റ്റന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം) ആയ ശ്രീ. ഷിജി സെബാസ്റ്റ്യൻ വി. (PEN-1845)-യെ അസിസ്റ്റന്റ് രജിസ്ട്രാർ-11 (പരീക്ഷാ വിഭാഗം) ആയും, അസിസ്റ്റന്റ് രജിസ്ട്രാർ-22 (പരീക്ഷാവിഭാഗം) ആയ ശ്രീ. ബിനോയ് എ.ആർ. (PEN-1891)-നെ, അസിസ്റ്റന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം) ആയും സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 5. | അസിസ്റ്റന്റ് രജിസ്ട്രാർ-2 (പരീക്ഷാ വിഭാഗം) ആയ ശ്രീ. റാസിഫ് എ. (PEN-2077)-യെ, അസിസ്റ്റന്റ് രജിസ്ട്രാർ-22 (പരീക്ഷാ വിഭാഗം) ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 6. | ശ്രീ. സാദിക് പി. (PEN-1931) സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) PVC സെക്ഷൻ | അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 63,700-1,23,700/- ശമ്പളസ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. പ്രമോദ് കുമാർ കെ.കെ., അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | അസിസ്റ്റന്റ് രജിസ്ട്രാർ-2 (പരീക്ഷാ വിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |
| 7. | ശ്രീമതി പ്രസീദ കെ. പ്രഭ (PEN-2607) സെക്ഷൻ ഓഫീസർ PD-3 സെക്ഷൻ | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 56,500/ - 1,18,100/- ശമ്പളസ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. സാദിക് പി., സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)-ന് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 8. | ശ്രീ. ടെസിൻ സൈമൺ എം. (PEN-2646) സെക്ഷൻ ഓഫീസർ EH-2 സെക്ഷൻ | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 56,500/ - 1,18,100/- ശമ്പളസ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി ഹേമ എം., സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 9. | ശ്രീമതി ത്രേസ്യാ ജ്യോതി റ്റി.എക്സ്. (PEN-2590) സെക്ഷൻ ഓഫീസർ EE-1 സെക്ഷൻ | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 56,500/ - 1,18,100/- ശമ്പളസ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ജോസ് തോമസ്., സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 10. | Ac B-4 സെക്ഷനിലെ ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറായ ശ്രീ. ജോർജ് തോമസ് കളരിക്കൽ (PEN-2117)-നെ, ശ്രീ. ജോസ് തോമസ്, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ വിരമിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ EE-3 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 11. | സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ്-ലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയ ശ്രീ. ശ്രീജിത്ത് ആർ. (PEN-2111)-നെ, ശ്രീമതി ഹേമ എം., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ വിരമിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ EB-8 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 12. | Ac A-7 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീമതി താര നായർ (PEN-2706)-നെ പ്രൊ-വൈസ് ചാൻസലറുടെ കാര്യാലയത്തിൽ സെക്ഷൻ ഓഫീസറായി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. അവധിയിൽ തുടരുന്ന ശ്രീമതി താര നായർ, സെക്ഷൻ ഓഫീസർ അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുന്നതുവരെ പ്രൊ വൈസ് ചാൻസലറുടെ കാര്യാലയത്തിലെ RTI അപ്പീൽ നോഡൽ ഓഫീസറുടെ ചുമതലകൾ വൈസ് ചാൻസലറുടെ കാര്യാലയത്തിലെ ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറായ ശ്രീ. മുഹമ്മദ് നാസർ എം. (PEN-2012)-ന് താൽക്കാലികമായി നൽകിയിരിക്കുന്നു. | | | |

Draft #76 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 31-Oct-2023 04:28 PM - Page 2

Draft #76 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 31-Oct-2023 04:28 PM - Page 3

| | | | | |
|---|---|---|---|---|
| 13. | ശ്രീമതി മേരി വിജയ് റ്റി.വി. (PEN-2956) അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 51,400 -1,10,300/- ശമ്പളസ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി പ്രസീദ കെ.പ്രഭ., സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയി നിയമിച്ചിരിക്കുന്നു. |
| 14. | ശ്രീ. അനസ് എസ്. (PEN-2987) അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ FCC- സെക്ഷൻ | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 51,400 -1,10,300/- ശമ്പളസ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ടെസിൻ സൈമൺ എം., സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | Ac B-4 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |
| 15. | ശ്രീമതി ഇന്ദു എസ്. നായർ (PEN-2984) അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ലീഗൽ സെക്ഷൻ | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 51,400 -1,10,300/- ശമ്പളസ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി ത്രേസ്യാ ജ്യോതി റ്റി.എക്സ്., സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | Ac A-7 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |

ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ 3.10 (17) പ്രകാരം അംഗീകരിച്ചിരിക്കുന്നു.

അസിസ്റ്റൻറ് രജിസ്ട്രാർമാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ / അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും പാസ്സ് വേഡുകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏല്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ പരാമർശം (2) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേക്ക് 01.04.2010-നോ അതിനുശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിക്കുള്ളിൽ ആറ് മാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറ് മാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥലംമാറ്റം ലഭിക്കുന്ന സെക്ഷൻ ഓഫീസർമാർ, സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ നിലവിലുള്ള നിബന്ധനകൾക്ക് പുറമെ പരാമർശം (4) പ്രകാരമുള്ള ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഐ.ടി. സ്റ്റോക്ക് രജിസ്റ്റർ കൈമാറേണ്ടതും പ്രസ്തുത വിവരം CTC-യോടൊപ്പമുള്ള സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പളനിർണ്ണയത്തിന് വേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ /സെക്ഷനുകൾ/ ഡിപ്പാർട്ട്മെൻറ്
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. എഫ്.സി.സി./ഫിനാൻസ് I/II/ എഡി.എIII/എഡി.എ.IV/ എഡി സി I/II/III/IV/V/ എഡി.എ.VIII/X
8. ഐ.ക്യു.എ.സി./ഐ.റ്റി. സെൽ 1/2 / സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #76 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 31-Oct-2023 04:28 PM - Page 4